**Fifth Semester B.A. Degree Examination, December 2018**

# MALAYALAM LANGUAGE, CULTURE AND LITERATURE

## Core Course – VI-ML 1541 : Bhasha Sasthra-Bhasha Charithram

## ഭാഷാശാസ്ത്രം - ഭാഷാചരിത്രം

(2014 Admission Onwards)

**Time: 3 Hours** **Max. Marks : 80**

I. ഒരുവാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരം എഴുതുക

1) പാട്ടിന്റെ ലക്ഷണമെന്ത്?

2) കോവുണ്ണി നെടുങ്ങാടി രചിച്ച വ്യാകരണഗ്രന്ഥമേത്?

3) മൂർത്ത വസ്തുവിനെ ആശയമാക്കി മാറ്റുന്ന പ്രക്രിയയേത്?

4) മലയാളത്തിലെ പാർശ്വികങ്ങൾ ഏവ?

5) മലയാളം ഏതു കക്ഷ്യയിൽ ഉൾപ്പെടുന്നു?

6) ഉച്ചാരണ ശബ്ദങ്ങളെപ്പറ്റിയുള്ള പഠനശാഖയേത്?

7) ചുണ്ടുകൾ വൃത്താകൃതിയിലാക്കി ഉച്ചരിക്കുന്ന സ്വരങ്ങൾക്കുപറയുന്ന പേരെന്ത്?

8) അധികാരവും ഭാഷയും - ആരുടെ കൃതിയാണ്?

9) കൊടുന്തമിഴ്വാദം അവതരിപ്പിച്ചതാര്?

10) സ്വനപാളികളിൽ കമ്പനമുണ്ടാക്കി ഉച്ചരിക്കുന്ന വ്യഞ്ജനങ്ങൾക്കു പറയുന്ന പേരെന്ത?

(10x1=10 മാർക്ക്)

II ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തന് ഉത്തരം എഴുതുക

11) ഭാഷാഭേദഭൂപടം എന്നാലെന്ത്?

12) മണിപ്രവാള ലക്ഷണമെഴുതി വിശദീകരിക്കുക?

13) അന്താരാഷ്ട്രഭാഷ എന്നാലെന്ത്?

14) പൂരക വിതരണം എന്നാലെന്ത്?

15) ഭാഷയും മനഃശ്ശാസ്ത്രവും തമ്മിലുള്ള ബന്ധമെന്ത്?

16) മാനസ്വരങ്ങൾ എന്നാലെന്ത?

17) ഭാഷയിൽ അർത്ഥോന്നതി സംഭവിക്കുന്നതെങ്ങനെയെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക

18) ശ്വാസി-നാദിഭേദം വിശദീകരിക്കുക.

19) സന്നിഹിതഘടകാപഗ്രഥനം എന്നാലെന്ത?

20) ഭാഷാശാസ്ത്രവും വ്യാകരണവും തമ്മിലുള്ള വ്യത്യാസമെന്ത്?

21) ലീനധ്വനിയെക്കുറിച്ച് കുറിപ്പെഴുതുക

22) വർണം, അക്ഷരം, ലിപി- നിർവ്വചിക്കുക

(8 x 2 = 16 മാർക്ക്)

III. നൂറ്റിയിരുപതുവാക്കിൽ കവിയാതെ **ആറു** ചോദ്യത്തന് ഉത്തരം എഴുതുക

23) വാക്യത്തിന്റെ അടിസ്ഥാന തത്ത്വങ്ങൾ ഏവ?

24) ഇന്നത്തെ കാവ്യഭാഷയുടെ സവിശേഷതകൾ ഏവ?

25) ഏകകാലിക, ബഹുകാലിക, താരതമ്യാത്മക ഭാഷാപഗ്രഥന രീതികളെ പരിചയപ്പെടുത്തുക.

26) ശാസനഭാഷയുടെ സവിശേഷതകൾ ഏവ?

27) സ്വരവർഗ്ഗീകരണത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ ഏവ?

28) കേരളപാണിനിയുടെ ആറുനയങ്ങൾ സംക്ഷേപിക്കുക.

29) മിഷനറിമാരുടെ സാഹിത്യപ്രവർത്തനം 17, 18 നൂറ്റാണ്ടുകളിൽ മലയാള ഭാഷയിൽ വരുത്തിയ മാറ്റങ്ങളേവ?

30) മലയാള ഭാഷോല്പത്തിയെ സംബന്ധിച്ച വിവിധ വാദഗതികളേവ?

31) ദ്രാവിഡഗോത്രത്തിലെ ഭാഷാവർഗ്ഗീകരണം എപ്രകാരമാണ്?

(6x4=24 മാർക്ക്)

IV. മുന്നുപുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തന് ഉത്തരം എഴുതുക

32) ഭാഷ എന്നാലെന്ത? ഭാഷയുടെ വ്യാവർത്തക ധർമ്മങ്ങൾ ഏവ?

33) അർത്ഥ പരിണാമം എന്നാലെന്ത്? വ്യത്യസ്ത അർത്ഥ പരിണാമങ്ങളെയും പരിണാമ ഹേതുക്കളെയും വിശദീകരിക്കുക.

34) ഭാഷാഭേദകാരണങ്ങൾ ഏവ? മലയാളഭാഷയിലെ പ്രധാന പ്രാദേശിക ഭേദങ്ങൾ ഏതൊക്കെയാണ്?

35) പത്രഭാഷ, ദൃശ്യമാധ്യമഭാഷ ഇവയുടെ സവിശേഷതകൾ വിവരിക്കുക.

(2x15=30 മാർക്ക്)

# മാതൃകാചോദ്യം

## Vth Semester BA Degree

## Examination June 2019

## Malayalam

### ചെറുകഥാപാഠം

ime : 3 hrs — Max. Mark: 80

**ഒന്നോ രണ്ടോ വാക്യത്തിൽ മുഴുവൻ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക?**

(10x1=10)

. മലയാളത്തിലെ ആദ്യകഥയായ വാസനാവികൃതിയുടെ കർത്താവ് ആര്?

. 'നരിയെകൊന്നവെടി' എന്ന കഥയിൽ മൂർക്കോത്തുകുമാരൻ പരാമർശിക്കുന്ന കഥാകൃത്താര്?

. 'അധ്യാപകകഥകൾ' എഴുതി പ്രസിദ്ധനായ കഥാകാരൻ ആര്?

. 'ഉറൂബ്' എന്ന പദത്തിന്റെ അർത്ഥമെന്ത്?

. മാധവിക്കുട്ടിക്ക് ആശാൻ വേൾഡ് പ്രൈസ് കിട്ടിയ കൃതി ഏത്?

. വി.കെ.എന്നിന് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി ഏത്?

ബോർഹസ്സിന്റെ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത എഴുത്തുകാരൻ ആര്?

എസ്.ആർ.ലാലിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി ഏത്?

പയ്യൻ ഭക്ഷണം കഴിക്കാൻ കയറിയ പഞ്ചനക്ഷത്രഹോട്ടലിന്റെ പേരെന്ത്?

). ഈ പഞ്ചാബ് കാരെ വിശ്വസിക്കാൻ കൊള്ളില്ല എന്ന് ഇൻസ്പെക്ടർ പറയാൻ കാരണമെന്ത്?

**I ഒരു ഖണ്ഡിക(75 വാക്ക്)യിൽ കവിയാതെ ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** (8x2=16)

. 'ഓർക്കുന്നതിനേക്കാൾ അധികം മറക്കുന്നവരാണ് മനുഷ്യർ' ആര് പറഞ്ഞു? സന്ദർഭം വ്യക്തമാക്കുക.

12. 'അയാൾ പഞ്ചാബിലെ വിളഞ്ഞുനിൽക്കുന്ന ഗോതമ്പുപാടങ്ങൾ സ്വപ്നം കാണുകയായിരുന്നു' - ആര്? സന്ദർഭം വ്യക്തമാക്കുക.

13. 'ഈ കല്ലു കണ്ടപ്പോൾ നവലോകം ആദ്യമായിക്കണ്ട സമയത്ത് ആ മഹാപുരുഷനുണ്ടായ സന്തോഷത്തേക്കാൾ ആമോദം എനിക്കുണ്ടായി'? - ആർക്ക്? സന്ദർഭം വ്യക്തമാക്കുക.

14. 'നരിയെ കൊന്ന വെടി'യിലെ നായാട്ടു സജ്ജീകരണങ്ങൾ വ്യക്തമാക്കുക?

15. 'കാർന്നോമ്മാർക്ക് കൊറേതേടിവെച്ചെച്ചങ്ങു ചാകരുതാർന്നോ?' ആര് പറഞ്ഞു? സന്ദർഭം വിശദമാക്കുക.

16. 'ഇയ്ക്ക് ചോന്ന പാവാടയാ ചേർച്ച്. ഇയ്ക്ക് ഓണത്തിന് ചോന്ന പാവാടയാ വേണ്ട്. ഇയ്ക്ക് അതാ ചേർച്ച്' - ആരുടെ വാക്കുകൾ? സന്ദർഭം വ്യക്തമാക്കുക.

17. 'പട്ടാളം മാതിരി വിപ്ലവവും അതിന്റെ വയറിന്മീതെയാണ് മാർച്ചുചെയ്യുന്നത്' - വിവക്ഷിതം എന്ത്?

18. 'അത്പ്പൊ. മക്കള് കെടന്നു വെശന്നു പൊരിയുമ്പോ ഓരോ ബുദ്ധിമുട്ടില് ചെലപ്പൊ പെണ്ണുങ്ങള് അങ്ങനൊക്കെ, ചെയ്തു പൂവ്വില്ലേ, നമ്മളായാലും....' സാഹചര്യവും സന്ദർഭം - വിശദീകരിക്കുക.

19. 'ഈ നിശ്ചലതയിൽ നിന്ന് തനിക്കൊരിക്കലും മോചനമുണ്ടാവരുതേ എന്ന് കേണു. ഇതിനു വേണ്ടിയായിരുന്നു ഇത്രനാളും ഈ ജീവിതം' - സന്ദർഭവവും ആശയവും വ്യക്തമാക്കുക.

20. 'ഇവളെ കോടതി ശിക്ഷിച്ചെന്നുവച്ചോ അതോടെ ഈ നാടങ്ങു രക്ഷപ്പെട്ട രാമരാജ്യമാകുമോ?' - എന്താണ് ഇവിടെ പരാമർശിതമാകുന്ന സാമൂഹികസത്യം?

21. 'ടോജോയ്ക്ക് ഇങ്ങനെയാണ്, ചെറിയ തമാശകണ്ടാലും മതി ചിരിവരാൻ- 'ചെറിയ തമാശ' എന്തെന്ന് വിശദമാക്കുക.

22. 'ഒന്ന് നൊസ്റ്റാൾജിയയായാൽ പിന്നെന്ത്? ആർട്ടിനുമാത്രമേ കൊള്ളൂ' - എന്തിനെപ്പറ്റിയാണ് പരാമർശം?

**III ഓരോന്നിനും ഒന്നരപ്പുറത്തിൽ (150 വാക്ക്) കവിയാതെ ഏതെങ്കിലും ആറു ചോദ്യത്തിന് ഉത്തരമെഴുതുക.** (6x4=24)

23. പുരാണത്തിലെ ദ്വാരകയെ കേസരി ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

24. സാധാരണക്കാരനായ ഒരു റിക്ഷാക്കാരന്റെ ജീവിതദുരിതങ്ങൾ 'അരഞ്ഞാണം' എന്ന കഥയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?

25. സ്ത്രീസ്വത്വത്തിന്റെ വ്യത്യസ്തഭാവങ്ങൾ ചുവന്ന പാവാടയിൽ മാധവിക്കുട്ടി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

26. വരേണ്യവർഗ്ഗജീവിതത്തിന്റെ അന്തസാരശൂന്യത വി.കെ.എൻ. 'ലഞ്ചി'ൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

27. 'വെറുതെന്ന്വല്ലേ നമ്മളതിനുപകരം ദേഹംകൊണ്ട് അധ്വാനിച്ചിട്ടുണ്ട്' - സ്മിതയുടെ ജീവിതത്തിന്റെ ഉള്ളറകളിലേക്ക് ഇറങ്ങിച്ചെല്ലാൻ ഈ വാക്കുകൾക്ക് കഴിയുന്നുണ്ടോ? വിശകലനം ചെയ്യുക.

28. 'പന്ത്രണ്ടാംമണിക്കൂർ' എന്ന കഥയിൽ കഥാനായകന്റെ മരണം മുൻകൂട്ടി തീരുമാനിക്കപ്പെട്ടതാണ് എന്ന നിഗമനത്തിൽ നാമെത്തിച്ചേരുന്നതെങ്ങനെ?

29. ഒരു കലാകാരന്റെ ജീവിതത്തിന്റെ ദുരന്തമുഖമാണ് 'കർണ്ണപർവ്വം' വിശകലനം ചെയ്യുന്നത് - ചർച്ചചെയ്യുക.

30. വിപ്ലവത്തിന്റെയും പ്രത്യയശാസ്ത്രത്തിന്റേയും തകർച്ചയെ രൂക്ഷമായ പരിഹാസത്തിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്ന കഥയാണ് 'ചവർഗ്ഗം താലവ്യമോ?'- ചർച്ചചെയ്യുക.

**IV മൂന്ന് പുറത്തിൽ (300 വാക്ക്) കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** (2x15=30)

31. ആദ്യകാല കഥകളുടെ പൊതുപ്രത്യേകതകൾ ദ്വാരക, നരിയെക്കൊന്ന വെടി ഈ കഥകളെ ആസ്പദമാക്കി ചർച്ചചെയ്യുക.

32. 'മനുഷ്യത്വത്തിന്റെയും മാതൃത്വത്തിന്റെ മഹത്വം പ്രത്യക്ഷവത്ക്കരിക്കുന്ന കഥയാണ് വെളുത്തകുട്ടി' വിശകലനം ചെയ്യുക.

33. 'അസ്തിത്വവും നിലനിൽപ്പും നഷ്ടപ്പെടുന്നവന്റെ ദുരന്തമാണ് മഖൻസിങ്ങിന്റെ മരണം' - സ്വമതം വ്യക്തമാക്കുക.

34. വി.കെ.എൻ. കൃതികളുടെ പൊതു പ്രത്യേകതകൾ 'ലഞ്ചി'നെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

*****

Reg. No.:

Name :

Fifth Semester B.A. Degree Examination

First Degree Programme Under CBCSS

MALAYALAM LANGUAGE, CULTURE AND LITERATURE

*Core Course - VIII, ML 1543*

# നാടോടി വിജ്ഞാനീയം

Time : 3 Hours Max.Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ട് വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.

1) ജനകീയ പഴമയ്ക്ക് പകരം ഫോക്‌ലോർ എന്ന പദം ആദ്യമായി നിർദ്ദേശിച്ചത് ആര് ?

2) 'ദി ഡിക്ഷണറി ഓഫ് ഫോക്‌ലോർ മിത്തോളജി ആൻഡ് ലജൻഡ്' എന്ന കൃതി എഡിറ്റ് ചെയ്തത് ആര് ?

3) Who are the Folk?എന്ന പഠനം തയ്യാറാക്കി പ്രസിദ്ധീകരിച്ച അമേരിക്കൻ പണ്ഡിതനാര് ?

4) അനുഷ്ഠാന സിദ്ധാന്തത്തിന്റെ വക്താവാര് ?

5) ലോകത്തിലെ എല്ലാ കഥകളിലും കൂടി മുപ്പത്തിയൊന്ന് വ്യത്യസ്ത ഏകകങ്ങളെ (Functions) ഉള്ളൂവെന്ന് വാദിച്ച പണ്ഡിതനാര് ?

6) ഭദ്രകാളിയെ പ്രീതിപ്പെടുത്തുന്നതിനായി തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിൽ നടത്തി വരുന്ന അനുഷ്ഠാന കലാരൂപമേത് ?

7) ഫോക് എന്ന പദത്തിന്റെ അർത്ഥമെന്താണ് ?

8) ഇക്കോ ഫോക്‌ലോർ എന്ന ആശയം മുന്നോട്ടു വച്ചതാരാണ് ?

9) 'ഫോക്‌ലോറിന് ഒരു പഠന പദ്ധതി' ആരുടെ കൃതിയാണ് ?

10) കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട ഏതെങ്കിലും രണ്ട് ഉത്സവങ്ങളുടെ പേര് എഴുതുക.

(10+1=10മാർക്ക്)

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11) ഫോക്‌ലോർ നിർവചനം.

12) വ്യാപന സിദ്ധാന്തം ലക്ഷ്യം വയ്ക്കുന്നതെന്താണ് ?

13) മെറ്റാഫോക്‌ലോർ.

14) പടയണി.

15) മാർഗംകളി.

16) നാട്ടാചാരങ്ങൾ.

17) നാടൻ ഭക്ഷണം.

18) ഇക്കോ-ഫോക്‌ലോർ.

19) മൃഗാരാധന.

20) നാടോടി നാടകങ്ങൾ.

21) സാമുദായിക ഗാനങ്ങൾ.

22) ഫോക്‌ലോറിസം.

III. 120 വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) ഫോക്‌ലോർ എന്ന പദം ഒരേ സമയം പഠനവിഷയത്തെയും പഠനവസ്തുവിനെയും സൂചിപ്പിക്കുന്നുവെന്ന് പറയാൻ കാരണമെന്ത് ?

24) ആദ്യകാല ഫോക്‌ലോർ നിർവചനങ്ങൾ അധികവും നാടൻ സാഹിത്യത്തിലും കലയിലും മാത്രം ഊന്നൽ നൽകാൻ കാരണമെന്ത് ?

25) മാക്സ്മുള്ളറുടെ സൗരപുരാവൃത്തസിദ്ധാന്തം വ്യക്തമാക്കുക.

26) കെട്ടുമുറ സിദ്ധാന്തം എന്നാലെന്ത് ? നാടോടി പാട്ടുകളെ അപഗ്രഥിക്കുന്നതിൽ ഈ സിദ്ധാന്തം എത്രത്തോളം സഹായകമാണെന്ന് പരിശോധിക്കുക.

27) ഫോക്‌ലോർ പഠനത്തിൽ ഫീൽഡ്‌വർക്കിന്റെ പ്രാധാന്യവും ആവശ്യകതയും എന്താണ് ?

28) പ്രായോഗിക ഫോക്‌ലോർ എന്നാലെന്ത് ? വിശദമാക്കുക.

29) കടങ്കഥകളുടെ സവിശേഷതകൾ സംഗ്രഹിക്കുക.

30) നാടൻപാട്ടുകളെ വർഗീകരിച്ച് വിശദീകരണക്കുറിപ്പ് തയ്യാറാക്കുക.

31) നാടൻ പാചകവിദ്യയെക്കുറിച്ചുള്ള പഠനം 'നാടോടി സംസ്കാരത്തിന്റെ പല മണ്ഡലങ്ങളിലേയ്ക്കും പഠിതാക്കളെ എത്തിക്കും' - വിശദീകരിക്കുക.

(6+4=24മാർക്ക്)

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32) ഫോക്‌ലോറിന്റെ അടിസ്ഥാനപരമായ സവിശേഷതകൾ വിശകലനം ചെയ്യുക.

33) നാട്ടറിവുകളുടെ ഏതെങ്കിലും മൂന്ന് വ്യത്യസ്ത ജനുസ്സുകളെ പരിചയപ്പെടുത്തി വിശദീകരണക്കുറിപ്പ് തയ്യാറാക്കുക.

34) ഫോക്‌ലോറിന് ഇതര വിഷയങ്ങളുമായുള്ള ബന്ധം വിശകലനം ചെയ്യുക.

35) 'ഫോക്‌ലോറിന്റെ നാനാതൃത്തിലാണ് ആധുനിക ഫോക്‌ലോർപഠനത്തിന്റെ ഊന്നൽ'-വിശദമാക്കുക.

(2+15=30മാർക്ക്)

Reg. No.:

Name :

**Fifth Semester B.A. Degree Examination**
**First Degree Programme Under CBCSS**

## MALAYALAM LANGUAGE, CULTURE AND LITERATURE

**Core Course – IX-ML 1544 : Jeevacharithram, Athmakatha, Yathranubhavam**

**Time : 3 Hours** **Max.Marks : 80**

**I.** ഒരു വാക്കിലോ വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.

1) സ്വരരാഗസുധ ആരുടെ കൃതിയാണ് ?
2) 1992-ലെ വയലാർ അവാർഡ് ലഭിച്ച കൃതി ഏത് ?
3) കുനി എന്നാലെന്ത് ?
4) കുറിയേടത്തു താത്രിയുടെ ജീവിതത്തെ ആസ്പദമാക്കി അന്തർജ്ജനം എഴുതിയ കഥ ?
5) അമർനാഥ് ഗുഹയിലേക്ക് എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ആര് ?
6) ആരു വാങ്ങുമിന്നാരു വാങ്ങു മീ -
യാരാമത്തിന്റെ രോമാഞ്ചം എന്നീ വരികളിലാരംഭിക്കുന്ന ചങ്ങമ്പുഴക്കവിത ഏതാണ് ?
7) ലോകമേ യാത്ര എന്ന കവിത രചിച്ചത് ആര് ?
8) സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ ആത്മകഥയുടെ പേരെന്ത് ?
9) ഇടപ്പള്ളിക്കവികൾ ആരെല്ലാം ?
10) പൊക്കുടൻ ആദ്യം കണ്ട നാണയം ഏത് ?

(10x1=10മാർക്ക്)

**II.** ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11) ചങ്ങമ്പുഴയും കുറ്റിപ്പുഴ കൃഷ്ണപിള്ളയുമായുള്ള സൗഹൃദത്തിന്റെ പ്രത്യേകത എന്തായിരുന്നു.?
12) രക്തദാഹം എന്ന കവിതയുടെ രചനയ്ക്കു പ്രേരകമായ സംഭവം എന്തായിരുന്നു. ?
13) കണ്ടിത്തെയ്യത്തിനു പിന്നിലെ ഐതിഹ്യം എഴുതുക.
14) കുറിപ്പെഴുതുക - പറകൊട്ടിപ്പാട്ട് കല്യാണം.
15) ഗണേശ് പോയിന്റിന് ആ പേരു വരാനുള്ള കാരണമെന്ത് ?
16) തുംഗനാഥ് ക്ഷേത്രത്തിന്റെ പ്രത്യേകത എന്താണ് ?
17) ശ്രീനാരായണഗുരുവുമായുള്ള കൂടിക്കാഴ്ച അന്തർജ്ജനം വിവരിക്കുന്നതെങ്ങനെ ?
18) വള്ളത്തോളിന്റെ കവിതകളെക്കുറിച്ചുള്ള അന്തർജ്ജനത്തിന്റെ കണ്ടെത്തലുകൾ എന്തെല്ലാം ?
19) കുടകിലേക്കുള്ള യാത്രയെ പൊക്കുടൻ വിവരിക്കുന്നതെങ്ങനെ ?
20) ഇല്ല, മറക്കില്ലൊരിക്കലും നിന്നെ ഞാ-
നുല്ലസൽ സൽക്കലാശാലേ, ജയിക്ക നീ - ഏതു കലാലയത്തെയാണ് ചങ്ങമ്പുഴ ഈ കവിതയിൽ അവതരിപ്പിക്കുന്നത് ?
21) ഞാനൊരു കഥാകർത്രിയായത് അങ്ങനെയാണ് - വിശദീകരിക്കുക.
22) ക്രിസ്തുമതം സ്വീകരിക്കാഞ്ഞതിനുള്ള കാരണമായി പൊക്കുടൻ അവതരിപ്പിക്കുന്ന ന്യായീകരണങ്ങൾ ഏവ ?

(8x2=16മാർക്ക്)

**III.** ഒരു പുറത്തിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23) ജീവചരിത്രവും ആത്മകഥയും തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

24) തന്റെ കാവ്യജീവിതത്തിന് ആത്മവിശ്വാസത്തിന്റെ അടിത്തറ നിർമ്മിതമായത് അന്നാണ് - വിവരിക്കുക.

25) പൊക്കുടന്റെ ക്ഷേത്രപ്രവേശനാനുഭവം വിവരിക്കുക

26) ജ്യോഷിമഠിന്റെ പ്രത്യേകത എഴുതുക.

27) ബച്ചൻ സിംഗിന്റെ കടം ലേഖകൻ വീട്ടാനുണ്ടായ സാഹചര്യം എന്തായിരുന്നു ?

28) കണ്ണുനീർത്തുള്ളികളുടെ വീർത്തുപൊട്ടൽ ആറ്റം ബോംബിനേക്കാൾ ഭയങ്കരമാണ് - വിശദീകരിക്കുക.

29) ഓണത്തെക്കുറിച്ചുള്ള അന്തർജ്ജനത്തിന്റെ ഓർമ്മകൾ സംഗ്രഹിക്കുക.

30) ചിലപ്പോഴൊക്കെ എനിക്ക് തോന്നാറുണ്ട്, ഞാൻ ഒരു പിരാന്തൻ കണ്ടലാണ് -വ്യക്തമാക്കുക.

31) ടി.എൻ. ഗോപിനാഥൻ നായരും ചങ്ങമ്പുഴയും തമ്മിലുള്ള സൗഹൃദം എങ്ങനെയുള്ളതായിരുന്നു?

(6X4=24മാർക്ക്)

**IV.** മൂന്നു പുറത്തിൽ കവിയാതെ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32) ആഖ്യാനരീതിയുടെ സവിശേഷതകളാണ് കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം എന്ന കൃതിയെ വ്യത്യസ്തമാക്കുന്നത് - ചർച്ച ചെയ്യുക.

33) ദുർഘടം നിറഞ്ഞ പാതകളിലൂടെ ഏകനായി, നിർഭയനായി സഞ്ചരിച്ച ധീരനും സാഹസികനുമായ യാത്രികന്റെ, ത്രസിപ്പിക്കുന്ന സ്മരണകളാണ് ഹിമവാന്റെ മുകൾത്തട്ടിൽ എന്ന യാത്രാവിവരണത്തെ ഇത്രയേറെ ഹൃദ്യമാക്കുന്നത് - ഈ പ്രസ്താവന ശരിയോ എന്നു പരിശോധിക്കുക.

34) കവിയായ ചങ്ങമ്പുഴയുടെ വൈകാരിക ദൗർലഭ്യങ്ങളിലാണ് പ്രൊഫ.എം.കെ. സാനു കൂടുതൽ ശ്രദ്ധപതിപ്പിച്ചിരിക്കുന്നത് - ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം എന്ന കൃതിയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

35) ഒരു എഴുത്തുകാരനോ എഴുത്തുകാരിക്കോ അത്യാവശ്യമായി വേണ്ടതു സ്വാതന്ത്ര്യമാണ് - ലളിതാംബിക അന്തർജ്ജനത്തിന്റെ ഈ വാക്കുകൾ അവരുടെ സാഹിത്യ ജീവിതത്തിൽഎത്ര മാത്രം പ്രസക്തമാണ്?

(2X15=30മാർക്ക്

Reg. No.:

Name :

**Fifth Semester B.A. Degree Examination**

**First Degree Programme Under CBCSS**

# MALAYALAM LANGUAGE, CULTURE AND LITERATURE

**Core Course – X-ML 1545 : Chalachithra Padanam**

Time : 3 Hours | Max.Marks : 80

**I.** ഒരു വാക്കിലോ വാക്യത്തിലോ എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക.

1) ഇന്ത്യൻ സിനിമ - 100 വർഷം 100 സിനിമ - എന്ന കൃതിയുടെ രചയിതാവ് ആര് ?

2) നാഷണൽ ഫിലിം ആർക്കൈവ്സിന്റെ സ്ഥാപകൻ ?

3) ചെമ്മീൻ എന്ന സിനിമയുടെ സംഗീതസംവിധായകൻ ആര് ?

4) മദർ ഇന്ത്യയിലെ നായികയായി അഭിനയിച്ചതാര് ?

5) ആദ്യത്തെ റിയലിസ്റ്റിക് സിനിമ ഏത് ?

6) മലയാളത്തിലെ സിനിമയുടെ പിതാവ് എന്നറിയപ്പെടുന്നതാര് ?

7) സിനിമയും പ്രത്യയശാസ്ത്രവും എന്ന കൃതി രചിച്ചതാര് ?

8) മലയാളത്തിലെ ആദ്യ ശബ്ദ സിനിമ ഏത് ?

9) സിനിമയുടെ ലോകം എന്ന കൃതിയുടെ കർത്താവ് ആര് ?

10) ലൂമിയർ സഹോദരന്മാർ ആദ്യമായി ചലിക്കുന്ന ചിത്രങ്ങൾ പ്രദർശിപ്പിച്ചതെവിടെ ?

(10 X 1=10മാർക്ക്)

**II.** ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11) മൊണ്ടാഷ്.

12) സീക്വൻസ്.

13) ന്യൂസ് റീൽ.

14) ലൂമിയർ സഹോദരന്മാർ.

15) ഡിസോൾവ്.

16) ബാലൻ.

17) ആവാരാ.

18) ക്രോസ് കട്ട്.

19) കീ ഷോട്ട്.

20) ത്രീ ഇഡിയറ്റ്സ്.

21) ബർഗ്മാൻ.

22) പാഷൻ ഓഫ് ജോൻ ഓഫ് ആർക്ക്.

III. 120 വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23) അനുരൂപണം അഥവാ അഡാപ്റ്റേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത് ?

24) മലയാള സിനിമയിൽ എം.ടി. വാസുദേവൻ നായർക്കുള്ള സ്ഥാനം വിശദമാക്കുക.

25) വിഗതകുമാരൻ എന്ന സിനിമയുടെ പ്രത്യേകൾ എന്തെല്ലാം ?

26) സാഹിത്യത്തിൽ നിന്നു സിനിമയെ വ്യത്യസ്തമാക്കുന്ന ഒരു ഘടകമാണ് മനുഷ്യശരീരത്തിനു സിനിമയിൽ ലഭിക്കുന്ന പ്രാധാന്യം. വിശദമാക്കുക.

27) ഡബ്ബിങ് എന്നാലെന്ത് ? വിവരിക്കുക.

28) ഷൂട്ടിംഗ് സ്ക്രിപ്റ്റിന് സിനിമയിലുള്ള സ്ഥാനമെന്ത് ?

29) മലയാള സിനിമയിലെ ഒരു നാഴികക്കല്ലായിരുന്നു സ്വയംവരം - വ്യക്തമാക്കുക.

30) സിനിമ ഒരു വ്യവസായമാണെന്ന അഭിപ്രായം പരിശോധിക്കുക.

31) മലയാളത്തിലെ സിനിമാനിരൂപശാഖ എത്രത്തോളം വികസിതമാണ് ?

(6 X 4=24 മാർക്ക്)

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32) മലയാള സിനിമകളിൽ മികച്ചവയെല്ലാം സാഹിത്യകൃതികളുടെ അനുരൂപങ്ങളാണ് - ചർച്ച ചെയ്യുക.

33) സിനിമയുടെ ലോകം എന്ന കൃതിയിൽ അടൂർ ഗോപാലകൃഷ്ണന്റെ സിനിമയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ ശ്രദ്ധേയമാണ്. വിലയിരുത്തുക.

34) മലയാളത്തിലെ പ്രധാനപ്പെട്ട ഡോക്യുമെന്ററികളെക്കുറിച്ച് വിവരിക്കുക.

35) പി. പത്മരാജൻ മലയാള സിനിമയിൽ വരുത്തിയഭാവുകത്വപരിണാമങ്ങൾ വിശദമാക്കുക.

(2 X15=30 മാർക്ക്)